LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് ഒഴിവുകൾ. പ്രസ്തുത തസ്തികകളുടെ ഫീഡർ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിക്കുന്നതിനുള്ള നടപടികളിലാണ്. ടി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കണ്ണൂർ-കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന പയ്യന്നൂർ മേഖല ഓഫീസിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ് നിലവിൽ വന്നത് എപ്പോൾ മുതലാണെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ?

28-12-2019 മുതൽ പയ്യന്നൂർ മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി ചട്ടപ്രകാരമുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത ഒഴിവിലേയ്ക്ക് റെഗുലർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത തസ്തികകളുടെ ഫീഡർ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിക്കുന്നതിനുള്ള നടപടികളിലാണ്. ടി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ റഗുലർ വ്യവസ്ഥയിലുള്ള സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ശ്രീമതി ലിബ ബേബിയുടെ നിയമനാംഗീകാരം

237(2593) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി ലിബ ബേബിയുടെ നിയമനം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ അംഗീകരിക്കാത്തതിന്റെ കാരണവും നിലവിൽ ഇത് സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ഫയൽ എത്ര കാലമായി ഈ ഓഫീസിൽ പരിശോധനയിലാണെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

ശ്രീമതി ലിബ ബേബിയുടെ നിയമനം സംബന്ധിച്ച പ്രൊപ്പോസൽ 16-3-2021-ന് മാനേജർ ' സമന്വയ' വഴി വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ കൂടി അപ്ലോഡ് ചെയ്യുവാൻ മാനേജർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി രേഖകൾ മാനേജർ ' സമന്വയ' യിൽ അപ്ലോഡ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രൊപ്പോസലിന്മേൽ തുടർനടപടി സാധിക്കുകയുള്ളൂ.

ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ

238(2594) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.ഐ.ഇ.റ്റി., ജി.റ്റി.റ്റി.ഐ. എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിലുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഡയറ്റിലെ അദ്ധ്യാപക നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു ജില്ലയിൽ ഒന്നുവീതം 14 ഡയറ്റുകളാണ് നിലവിലുള്ളത്. ഓരോ ഡയറ്റിലും ഒരു പ്രിൻസിപ്പാൾ, 7 സീനിയർ ലക്ചറർ, 20 ലക്ചറർ എന്നിങ്ങനെയാണ് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിരിക്കുന്നത്. ഇതിനു പുറമെ കാസർഗോഡ് ഡയറ്റിൽ കന്നഡ ലക്ചറർ തസ്തികയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ഡയറ്റുകളിൽ തമിഴ് ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ലക്ചറർ തസ്തികയിലെ ഒഴിവുകളിൽ 50% ഗവൺമെന്റ് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരിൽ നിന്നും ടീച്ചർ എഡ്യൂക്കേറ്റർമാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും 50% ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടുള്ള നിയമന രീതിയുമാണ്. ടി.ടി.ഐ.-കളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ല.

(ബി) ഇവിടങ്ങളിലെ അദ്ധ്യാപക നിയമനത്തിനായി നിലവിലുള്ള യോഗ്യതകൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly